(ബി) കേന്ദ്രത്തിൽനിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. കേന്ദ്രം പ്രതിമാസം അലോട്ടുചെയ്യുന്ന അരിയുടെ കണക്ക് 1968 ഒക്ടോബർ മുതൽ കേന്ദ്രം കേരളഗവണ്മെൻറിനെ മുൻകൂട്ടി അറിയിക്കുന്നില്ല. ഓരോ മാസവും ലഭിച്ചുകൊണ്ടിരിക്കുന്ന അരിയുടെ അളവും വ്യത്യസ്തമാണ്.

2. ADJOURNMENT MOTION

Attack on a section of persons who gathered to take part in a rally at Trichur

മി. സ്പീക്കർ : സി. പി. ഐ., മുസ്ലീം ലീഗ്, ആർ. എസ്. പി. ഐ. എസ്. പി. എന്നീ പാർട്ടികളുടെ സംയുക്ത നേതൃത്വത്തിൽ ഈ ഞായറാഴ്ച തൃശ്ശൂർ വച്ച് നടന്ന റാലിയിൽ പങ്കെടുക്കുവാൻ പോയ ഒരു സംഘം പ്രവർത്തകരെ അക്രമിക്കുകയും പരുക്ക് ഏൽപ്പിക്കുകയും ചെയ്തതിനെ തുടർന്ന് സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ചചെയ്യുവാൻ ശ്രീ. ശേഷൻ അടിയന്തിര പ്രമേയത്തിനു നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ) : സർ, അതുപ്രകാരം ഇപ്പോൾ മാത്രമെ വിവരം കിട്ടിയിട്ടുള്ളൂ. അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

Mr. Speaker : In view of the reply by the hon. Minister, I am withholding permission for moving the motion.

3. CALLING ATTENTION UNDER RULE 61

Forcible removal of harvests of the Harijans by the Jenmies in Payyavur

തളിപ്പറമ്പ് താലൂക്കിൽ 'പയ്യാവൂർ' പോലെയുള്ള മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ഹരിജനങ്ങളുടെ കൃഷിസ്ഥലങ്ങളിൽനിന്നും നെല്ല് കൊയ്തുകൊണ്ടു പോയതിനെ തുടർന്ന് അവിടെ ഉണ്ടായിട്ടുള്ള അരക്ഷിതാവസ്ഥ മാറുന്നതിനു വേണ്ട നടപടികളും കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനു ശ്രീ. രാഘവപൊതുവാൾ റൂൾ 61 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. പി. രാഘവപൊതുവാൾ : സർ, പയ്യാവൂരിൽ വളരെ കാലമായി അവിടെയുള്ള പാവപ്പെട്ട കൃഷിക്കാർ നെൽകൃഷി ചെയ്തുവരികയാണ്. പക്ഷെ അവിടത്തെ ജന്മികളുടെ ഗുണ്ടകൾ നെല്ല് കൊയ്തെടുത്തുകൊണ്ടു പോയിരിക്കുകയാണ്. പാവപ്പെട്ട ഹരിജനങ്ങൾക്ക് വേണ്ട പോലീസ് സഹായം കിട്ടിയിട്ടില്ലെന്നുള്ളതും ആ പ്രദേശം ആ വസ്തുത പരിഗണിച്ച് അടിയന്തിരമായും പോലീസ് സഹായം നൽകുന്നതിനും നിയമപരമായ എല്ലാ സഹായങ്ങളും ഹരിജനങ്ങൾക്ക് കൊടുക്കുവാനും ഞാൻ ബന്ധപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. കെ. കൃഷ്ണൻ : സർ, ഇതേക്കുറിച്ച് വിവരം ശേഖരിച്ച് രണ്ടു ദിവസത്തിനുള്ളിൽ പറയാം.

മി സ്പീക്കർ : കോതമംഗലം മാർ അത്തനേഷ്യസ് കോളേജിൽ 29-9-1969-ൽ സത്യഗ്രഹം നടത്തിയ വിദ്യാർത്ഥികളെ മർദ്ദിച്ചതിനെ തുടർന്ന് അവിടെ ഉണ്ടായിരിക്കുന്ന സംഘർഷാവസ്ഥ പരിഹരിക്കുന്നതിനു വേണ്ട നടപടികളും എടുക്കണമെന്നും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ശ്രീ. മീതിയൻ റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ നടപടിക്കുവേണ്ടി വയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. മീതിയൻ : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വളരെ ഗൗരവമായ നടപടികളാ സ്വീകരിക്കേണ്ടതാണ്. ഒരു സംഘം വിദ്യാർത്ഥികളാ അവിടെ നിന്നു വന്നിരിക്കുകയാണ്, അവിടെ ഇന്നിയും സംഘർഷാവസ്ഥ ഉണ്ടാകാൻ ഇടയുണ്ട്. അവിടെ ഗ്രണ്ടുകളാ കോളേജിനകത്തു കയറി വിദ്യാർത്ഥികളെ മർദ്ദിക്കുകയാണ് ഉണ്ടായത്. ഗവണ്മെന്റു ശ്രദ്ധിക്കേണ്ടകാര്യമാണ്.

Mr. Speaker : The hon. Minister is not here. I am sending it to the Minister for necessary action.

4. LEGISLATIVE BUSINESS

The Kerala Land Reforms (Amendment) Bill 1963—(*Contd.*)

Mr. Speaker : Now we pass on to the consideration and further stages of the Kerala Land Reforms (Amendment) Bill, 1968. Shri. V. S. Achyuthanandan was speaking. He is not there. I think his speech is over. When a member is called, if he is absent, then his turn is over. Shri A. V. Kunhambu may speak.

ശ്രീ എ. വി. കുഞ്ഞമ്പു : സർ, ഈ ഭൂപരിഷ്കരണ ഭേദഗതി നിയമം കഴിഞ്ഞ 18-8-68 ൽ ആണ് ഈ അസംബ്ലിയിൽ അവതരിപ്പിച്ചത് എങ്കിലും നമുക്ക് ഇപ്പോഴാ മാത്രമേ ഈ ബില്ല് അതിന്റെ രണ്ടാം വായനയ്ക്ക് എടുക്കുവാനും അവസാനമായി പരിഗണിക്കുവാനും സാധിച്ചിട്ടുള്ളൂ. തീർച്ചയായും ഇതു സംബന്ധിച്ച് പല അഭിപ്രായങ്ങളും പല ദിക്കിലും ഉയർന്നുവരുന്നുണ്ട്. അസംബ്ലിക്കകത്തും അതുപോലെതന്നെ പൊതുരംഗങ്ങളിലും ഇതിന്റെ കാലതാമസത്തെപ്പറ്റി വിമർശനപരമായ അഭിപ്രായങ്ങളാ വരുന്നുണ്ട്. ഈ വകുപ്പിന്റെ ഉത്തരവാദിത്വം വഹിക്കുന്ന മന്ത്രിയെ, പ്രത്യേകിച്ചും അവർ ഉൾക്കൊള്ളുന്ന മാർക സിസ്റ്റ് പാർട്ടിയെ പൊതുവിലും എടുത്തു വിമർശിക്കുക എന്നതു് എല്ലാവരുടെയും വിനോദത്തിനുള്ള വകയായിത്തീർന്നു കഴിഞ്ഞിട്ടുണ്ട്. പക്ഷെ 18-8-68-ൽ ഇതു് അസംബ്ലിയിൽ അവതരിപ്പിച്ചുവെങ്കിലും ഈ ബില്ലിന്റെ അനുമതിക്കുവേണ്ടി 14-8-68-ൽ ആണ് കേന്ദ്രത്തിൽ അയച്ചത്. അങ്ങനെ അനുമതിക്കുവേണ്ടി കേന്ദ്രഗവണ്മെന്റിനു് അയച്ച ബില്ലിനു് 10-4-69-ൽ ആണ് അവതരണാനുമതി ലഭിച്ചതു് എന്നുള്ളതു് പരമാർത്ഥമായ സംഗതിയാണ്. ദീർഘമായ ഈ എഴു മാസം, ഇടയ്ക്കു വച്ചു താമസിപ്പിച്ചതിനെസംബന്ധിച്ച് നിർഭാഗ്യവശാൽ ആരുംതന്നെ ഒന്നും പറഞ്ഞില്ല. ഇങ്ങനെ വച്ചു താമസിപ്പിക്കുന്നതിനു് തീർച്ചയായിട്ടും പ്രതിഷേധം, അധിക്ഷേപിക്കപ്പെടുന്ന നമ്മുടെ പാർട്ടി, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അതിന്റെ നേതൃത്വത്തിലുള്ള ബഹുജനസംഘടനയാണ് പ്രകടിപ്പിച്ചതു് എന്നുള്ളതും ഒരു വാസ്തവം മാത്രമാണ്. കാലതാമസത്തിനിടയാക്കുന്നതു് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും ആണെന്നും അസംബ്ലിയിലും പുറത്തും വച്ച് അഭിപ്രായ പ്രചാരണം നടത്തുന്നതു് തീർച്ചയായും സത്യത്തിനു യോജിക്കുന്നതും അതതവസരത്തിൽത്തന്നെ ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നതിനു പ്രയോജനപ്പെടുന്നതുമായ വാദഗതികളാണ്.

ഇന്നു് ഈ കേരള അസംബ്ലിയുടെ നേരെ, ഈ കേരളത്തിന്റെ ഒരറ്റംമുതൽ മറ്റെ അറ്റംവരെയുള്ള പാടത്തിൽ പണിയെടുക്കുന്ന പാവപ്പെട്ട കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ദൃഷ്ടി, ഈ തലസ്ഥാനനഗരിയിൽ ഉള്ള അസംബ്ലി മന്ദിരത്തിന്റെ നേരെ നട്ടിരിക്കുകയാണെന്ന വാസ്തവം നാമെല്ലാം ഓർത്തിരിക്കേണ്ടതാണ്. ഇതു് നിയമമാകുന്നതുവരെ ശ്വാസം അടക്കിപ്പിടിച്ചു ആകാംക്ഷയോടുകൂടി ഉത്ക്കണ്ഠയോടുകൂടി ആണ് ഇന്നാട്ടിലെ ജനങ്ങൾ ഉറ്റുനോക്കുന്നതു്. പ്രത്യേകിച്ചും ഈ രാജ്യത്തിലെ കർഷകരും കർഷകത്തൊഴിലാളികളും. ഈ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും മോചനം ഉണ്ടാകാൻ വേണ്ടി കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly